# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:956 28.04.2017 ൽ മറുപടിക്ക്**

## ഭിന്നശേഷിക്കാരായിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസം

**ചോദ്യം**

ശ്രീ. എം.സ്വരാജ്

**ഉത്തരം**

പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ശാരീരികമായും ബൗദ്ധികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുട്ടികളുടെ ശേഷികൾ പരമാവധി വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ(പാഠ്യപദ്ധതികൾ ഉൾപ്പടെ) തയ്യാറാക്കി നടപ്പിലാക്കാമോ?

(എ) യും (ബി) യും

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ശാരീരികമായും ബൗദ്ധികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും ഭാഗമായിഎസ്.എസ്.എ. ആർ.എം.എസ്.എ, എസ്.സി.ഇ.ആർ.റ്റി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) സംയോജിത വിദ്യാഭ്യാസ പദ്ധതിയിലൂടെ ഭിന്നശേഷിയുള്ള കുട്ടികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ വിതരണം, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, ഓട്ടിസം സെൻററുകളിൽ നിന്ന ലഭിക്കുന്ന സേവനം, അദ്ധ്യാപക ശാക്തീകരണ പരിപാടികൾ, രക്ഷകർത്തൃ ബോധ വൽക്കരണ പരിപാടികൾ, ഫിസിയോതെറാപ്പി, ഒക്കേഷണൽ തെറാപ്പി എന്നിവ ലഭ്യമാക്കൽ, സഹവാസ ക്യാമ്പ്, ഭൗതികസാഹചര്യങ്ങളുടെ അനുരൂപീകരണം, പാഠ്യപദ്ധതി അനുരൂപീകരണം, സായന്തനവേദി, പരിഹാര ബോധന ക്ലാസുകൾ, ദിനാചരണങ്ങൾ എന്നിവ നടത്തിവരുന്നു.

ആർഎം.എസ്.എ.പദ്ധതി മുഖേന IX -XII ക്ലാസുവരെ പഠിക്കുന്ന ശാരീരികവും ബൗദ്ധികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് IEDSS. ആർ.എം.എസ്.എ റിസോഴ്സ് അദ്ധ്യാപകർക്ക് ഇൻ - സർവ്വീസ്-ട്രെയിനിംഗ്, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് ഓറിയന്റേഷൻ പ്രോഗ്രാം, എൻവയോൺമെന്റ് ബിൽഡിംഗ് പ്രോഗ്രാം, ഹോർട്ടികൾച്ചർ തെറാപ്പി പ്രോജക്ട്, കുട്ടികൾക്ക് പഠനസഹായ ഉപകരണങ്ങൾ ബുക്ക്സ് ആൻറ് സ്റ്റേഷനറി, വിവിധ അലവൻസ് വിതരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ ബൗദ്ധികമായി വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി മുഖേന പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളതും അതിൻ പ്രകാരം അദ്ധ്യാപകർക്കുള്ള കൈപുസ്തകങ്ങൾ (8 ടൈറ്റിൽ) കുട്ടികൾക്കുള്ള വർക്ക്ബുക്കുകൾ (8 ടൈറ്റിൽ) എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഇവർക്കായി തയ്യാറാക്കിയ പാക്കേജിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക ശാക്തീകരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 84 വിദ്യാലയങ്ങളിൽ ഫിസിയോ/സ്പീച്ച് തെറാപ്പി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ